(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ പ്രസ്തുത ഡിപ്പോയിൽ ഒരു ജനറേറ്റർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനറേറ്റർ സ്ഥാപിക്കുന്നതിന്റെ ആവശ്യകത ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.

വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

171 (5391) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും മാത-കോക്കാട്-തടിക്കാട്-ആയൂർ-മെഡിക്കൽ കോളേജ് വഴി തമ്പാനൂർക്ക് കെ.എസ്.ആർ.ടി.സി. വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ബസ് സർവ്വീസ് ആരംഭിക്കുവാൻ വേണ്ടിയുള്ള നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബസ് സർവ്വീസ് എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി & സി) നിവേദനത്തിന്മേൽ സാദ്ധ്യതാപഠനം നടത്തുകയും കോർപ്പറേഷന് ലാഭകരമായി സർവ്വീസ് നടത്താമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് തുടങ്ങുന്നതിന് സാധിച്ചിട്ടില്ല. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് തുടങ്ങുന്നകാര്യം പരിശോധിക്കുന്നതാണ്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

172 (5392) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും പുതുതായി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്ന് കാണിച്ച് എത്ര അപേക്ഷകൾ നൽകിയിട്ടുണ്ട് ; അതിൽ എത്ര സർവ്വീസുകൾ ആരംഭിച്ചു ; ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly